ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം

ഇ.എക്സ് II / 1/24334/എച്ച്.എസ്.ഇ/2018 തീയതി :10/04/2018

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി പരീക്ഷ - മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 2018- വിട്ടുനിൽക്കുന്നത് - സംബന്ധിച്ച്. ജോയിന്റ്

ഹയർ സെക്കൻററി പരീക്ഷാ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാനാവശ്യമായ രീതിയിലാണ് മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ഉത്തരക്കടലാസ് മൂല്യനിർണ്ണയം നിശ്ചയിച്ച തീയ്യതിക്കകം പൂർത്തീകരിക്കേണ്ടതുണ്ട്. മൂല്യനിർണ്ണയ ക്യാമ്പുകൾ ബഹിഷ്കരിക്കുമെന്ന ചില അധ്യാപക സംഘടനകളുടെ ആഹ്വാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരീക്ഷാ ഫലം വൈകുന്നത് വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യതയെ ബാധിക്കുമെന്നതിനാൽ മൂല്യനിർണ്ണയ ക്യാമ്പ് ബഹിഷ്കരണത്തെ അതീവ ഗൗരവമായാണ് ഡയറക്ട്രേറ്റ് കാണുന്നത്. <u>പരീക്ഷാ /മൂല്യനിർണ്ണയ ചുമതലകളിൽ നിന്നും വിട്ടു നിൽക്കുകയോ, പരീക്ഷാ/ മൂല്യനിർണ്ണയ നടപടികൾ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നത് പരീക്ഷാ മാന്വൽ അധ്യായം VIII (ഖണ്ഡിക 17,18) പ്രകാരവും നിലവിലുള്ള മറ്റ് നിയമങ്ങൾ പ്രകാരവും കുറ്റകരവും ശിക്ഷാർഹവുമാണ്.</u> ഇക്കാര്യത്തിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിക്കുന്നു . മൂല്യനിർണ്ണയ ക്യാമ്പിന്റെ ചുമതലയുള്ള ക്യാമ്പ് ഓഫീസർമാരും ചീഫ് എക്സാമിനർമാരും ക്യാമ്പുകൾ തടസ്സം കൂടാതെ നടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്ന പക്ഷം അത് അടിയന്തിരമായി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. മൂല്യനിർണ്ണയ ക്യാമ്പ് ബഹിഷ്കരിക്കുന്നവരുടെ വിശദാംശങ്ങൾ 11/04/2018 ന് 11 മണിക്ക് മുമ്പായി പരീക്ഷാ ജോയിന്റ് ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ